(സി) ഈ വർഷം ഇതുവരെ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു ;

(ഡി) പുസ്തക വില്പനയിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവാണ് ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഒരു ഗവേഷണ കേന്ദ്രം തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(എഫ്) ഇതിനായി എന്തു തുക ചെലവിടാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ സയന്റിഫിക് ആന്റ് ടെക്നിക്കൽ ടെർമിനോളജിയുടെ ധനസഹായത്തോടെ നടന്നുവരുന്ന കൃഷി, സാമ്പത്തിക ശാസ്ത്രം, ഭൂഗർഭ ശാസ്ത്രം, ഭൂമിശാസ്ത്രം, നിയമം, രാഷ്ട്രതന്ത്രം എന്നീ 6 വിഷയങ്ങളിൽ പദകോശ നിർമ്മാണവും തത്വ ശാസ്ത്രം, സാംസ്കാരിക പഠനം എന്നീ വിഷയങ്ങളിൽ നിർവ്വചന നിഘണ്ടു നിർമ്മാണവും സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സെമിനാറുകൾ, വിവർത്തന കോഴ്സ് എന്നീ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 67 പുസ്തകങ്ങൾ

(സി) ഈ വർഷം ഇതുവരെ 31 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

(ഡി) 50% വർദ്ധനവാണ് ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) ഗവേഷണകേന്ദ്രം തുടങ്ങുന്നതിന് മുന്നോടിയായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(എഫ്) ഗവേഷണ കേന്ദ്രത്തിനായി തുക വകയിരുത്തിയിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതാണ്.

സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിലെ കൂട്ടതോൽവി

63 (5198) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2010-ൽ നടത്തിയ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിൽ എത്ര ശതമാനമാണ് വിജയം ; കഴിഞ്ഞവർഷം എത്ര ശതമാനമായിരുന്നു ;

(ബി) ഈ വർഷം വിജയശതമാനം ഇത്രത്തോളം കുറയാൻ കാരണ മെന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിന് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ൽ 5.90%

2009-ൽ പരീക്ഷ നടത്തിയിട്ടില്ല.

2008-ൽ 23.65%

(ബി) മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരങ്ങൾക്ക് നെഗറ്റീവ് മാർക്ക് ഈ വർഷം ഉണ്ടായിരുന്നു.

(സി) പരിശോധിച്ചുവരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹയർ സെക്കന്ററി സ്കൂളുകളിലെ ലബോറട്ടറികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

64 (5199) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി സ്ക്കൂളുകളിലെ ലബോറട്ടറികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തേണ്ട സ്ക്കൂളുകളെ സംബന്ധിച്ച് പരിശോധന നടത്തുന്നതിനും അടിയന്തര സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ലബോറട്ടറി വികസനത്തിനായി ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈബ്രറി-ലബോറട്ടറി വികസനത്തിനായി ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly